(ബി) മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനുവേണ്ടി പഴശ്ശി പ്രോജക്ടിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുവേണ്ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്നതിനായി റവന്യൂ വകുപ്പുമായി പഴശ്ശി പദ്ധതി ഡിവിഷൻ അധികൃതർ കത്തിടപാടുകൾ നടത്തിവരികയാണ്. അവസാനമായി 1-6-2015-ൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്.

(സി) ജലസേനച വകുപ്പിൽനിന്നും കാലതാമസം ഉണ്ടായതായി കാണുന്നില്ല.

കേരള വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ളം വിതരണം

166 (831) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി കുപ്പിവെള്ളം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ; എവിടെയാണ് പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; എത്ര ലക്ഷയുടേതാണ് പദ്ധതിയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി തുടങ്ങാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പദ്ധതി പുനർ ദർഘാസ് അവസ്ഥയിലാണ്. ടെണ്ടർ പരിശോധന നടന്നുവരുന്നു.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ അരുവിക്കരയിൽ കുപ്പിവെള്ള പ്ലാന്റ് തുടങ്ങുന്നതിന് 4-4-2008-ലെ സ.ഉ.(എംഎസ്.)നമ്പർ 18/2008/ജ.വി.വ. ഉത്തരവ് പ്രകാരം 285 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ടെണ്ടർ അനുമതി ലഭ്യമാക്കി വർക്ക് അവാർഡ് ചെയ്യുകഴിഞ്ഞാൽ 6 മാസത്തിനകം പൂർത്തിയാക്കി പ്രാവർത്തികമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) 2014-ൽ മുന്നു പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ഉചിതമായ ടെണ്ടർ ലഭ്യമാകാത്തതിനാൽ പദ്ധതി തുടങ്ങുവാൻ കഴിഞ്ഞില്ല. തുടർന്ന് സിവിൽ, ഇലക്ട്രിക്കൽ, പ്ലാന്റ് ആന്റ് മെഷീനറി എന്നീ 3 വിഭാഗങ്ങളാക്കി ടെണ്ടർ ചെയ്തതിൻ പ്രകാരം ലഭ്യമായ ടെണ്ടറുകളുടെ പരിശോധന നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly